# “ശക്തിയെ പുതുക്കുക”

സങ്കീർത്തനം 103:5

“നിന്റെ യൗവ്വനം കഴുകനെ പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്ക് നന്മ കൊണ്ട് തൃപ്തി വരുത്തുന്നു.”

യൗവ്വനം പുതുകിവരാൻ എല്ലാവരും ആഗ്രഹിക്കുന്നു. അതു നിലനിർത്താൻ വേണ്ടി കഠിനമായി പ്രയത്നിക്കുന്നു. എല്ലാ മനുഷ്യരും ഈ യത്നത്തിന്റെ വിവിധ ഘട്ടങ്ങളിലണ്. അതിനായി പണവും സമയവും പാഴാക്കുന്നു.

എന്നാൽ ദൈവവചനം സകല മനുഷ്യകുലത്തോടും വിളിച്ചു പറയുന്നു; യൗവ്വനം കഴുകനെ പോലെ പുതുകി വരേണമോ? ദൈവത്തെ ആരാധിക്കുക. ദൈവവചനം വ്യക്തമായി പറയുന്നു; ദൈവത്തെ ആരാധിക്കൂ, രോഗം മാറും, ക്ഷീണം മാറും, മാനസിക സംഘർഷം മാറും. കഴുകന്റെശക്തിയോടെ ഉന്നതങ്ങളിലേക്കു കയറുവാനുള്ള ബലം ലഭിക്കും.

കഴുകന്റെ ജീവിതത്തെ കുറിച്ച് നമുക്കറിയാം. ഉയരങ്ങളിലേക്കു പറന്നുയരാനും, മണിക്കൂറുകളോളം പറന്നു കൊണ്ടേയിരിക്കാനും ജീവചക്രത്തിൽ പഴയ തൂവലുകൾ പൊഴിച്ചു പുതിയ തൂവലുകളോടെ പഴയതിലും ശക്തിയോടെ ഉയരങ്ങളിലേക്കു പരന്നുയരാനും കഴുകനു കഴിയും. ദൈവവചനം പറയുന്നു നാം തളർന്നിരിക്കുവാനുള്ളവരല്ല. മറിച്ച് ശക്തി പ്രാപിക്കാനുള്ളവരാണ്. അവിശ്വാസത്തിന്റെ, രോഗത്തിന്റെ, ക്ഷീണത്തിന്റെ പഴയ തൂവലുകളെ പൊഴിച്ച് കളഞ്ഞു വിശ്വാസത്തിന്റെ, സൗഖ്യത്തിന്റെ, പ്രത്യാശയുടെ, സന്തോഷത്തിന്റെ പുതിയ തൂവലുകൾ അണിയാം. അങ്ങനെ ആത്മീയ മണ്ഡലത്തിന്റെ ഉയരങ്ങളിലേക്കു പരന്നുയരാം. ക്ഷീണിച്ച അസ്ഥികൾ ഉല്ലസിക്കുമെന്നതു ദൈവത്തിന്റെ വഗ്ദത്തമാണ്. അതു നമുക്കു പ്രാപിച്ചെടുക്കാം.

പരാമർശം :

യെശയ്യവു 40:31

“യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെ പോലെ ചിറകടിച്ച് പറന്നുയരും”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 007